# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-ALP-P-3/740/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-3/740/2021 തീയ്യതി: 24/09/2021

# ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 10-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ദീപാ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ജിമ്മി.വി.കൈപ്പള്ളി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ഗിരിജാഭായി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ഉല്ലാസ് കുമാർ .റ്റി | സെക്രട്ടറി | 09-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിൽകുമാർ | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| പ്രീതകുമാരി .ബി | കൃഷി ഓഫീസർ | 15-09-2020 | 31-03-2021 |
| ഡോ.ഐസക് സാം | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ബിന്ദു.ടി.എസ് | ഐ.സി,ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ലാവണ്യ രോഹിത് | മെഡിയ്ക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീനി.ആർ | മെഡിയ്ക്കൽ ഓഫീസർ .(ആയുർവ്വേദം)) | 01-04-2020 | 07-02-2021 |
| ഡോ.അനിത വർഗ്ഗീസ് | മെഡിയ്ക്കൽ ഓഫീസർ .(ആയുർവ്വേദം)) | 07-02-2021 | 07-03-2021 |
| ഡോ.ശ്രീധർ.എം | മെഡിയ്ക്കൽ ഓഫീസർ .(ആയുർവ്വേദം)) | 08-03-2021 | 31-03-2021 |
| നസീന.എ | ഹെഡ്മിസ്ട്രസ്സ് .(ഗവ.യു.പി.എ),സി) | 01-04-2020 | 31-03-2021 |
| ബേബി.ബി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| അജിത്ത്.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജോബിൻ കുര്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജയശ്രീ.ജെ.ബി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഗീത.എ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 23-07-2021)<br>Last Updated By: Elsamma (Audit Officer, On 08-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Susha.T.Pillai (Asst. Audit Officer, On 27-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 01-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 02-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 21-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 25-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 25-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 27-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-10 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-11 |
| 12 | ഗ്രാമപഞ്ചായത്തിലെ പല സ്ഥാപനങ്ങൾക്കും സ്വന്തമായി ഭൂമിയോ കെട്ടിടമോയില്ല.<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-12 |
| 13 | കയർ സഹകരണ സംഘങ്ങളിൽ  നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-13 |
| 14 | കയർ വ്യവസായ സംരംഭങ്ങൾക്ക് ലൈസൻസ് എടുക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-14 |
| 15 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-15 |
| 16 | ഉപയോഗശൂന്യമായ കുടിവെള്ള കണക്ഷൻ വിച്ഛേദിയ്ക്കുന്നില്ല - പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ | 1-16 |

| | | |
|---|---|---|
| | ഭീമമായ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | |
| 17 | ഹരിത കർമ്മ സേന – മികച്ച പ്രവർത്തന മാതൃക<br>Written By: Susha.T.Pillai (Asst. Audit Officer, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-17 |
| 18 | ഓൺ ലൈൻ പഠന പദ്ധതി ടിവി വാങ്ങൽ പദ്ധതി മാത്രമായി ഒതുങ്ങി<br>Written By: Susha.T.Pillai (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-18 |
| 19 | തെരുവ് വിളക്കുകൾ- സംയുക്ത പരിശോധനയ്ക്ക് ശേഷവും വൈദ്യുതി ചാർജ്ജിൽ വ്യത്യാസമില്ല<br>Written By: A.P.Shibu (Senior Grade Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-19 |
| 20 | അഗതി രഹിത കേരളം പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2021) | 1-20 |
| 21 | ജനകീയ ഹോട്ടൽ - പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ ചുവടു വയ്പ്പ്<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-21 |
| 22 | ലാപ്ടോപ്പ് വാങ്ങുന്നതിലെ സാങ്കേതിക തടസ്സം -വിദ്യാർത്ഥികൾക്ക് പഠനോപകരണം ലഭിയ്ക്കുന്നതിൽ കാലതാമസം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-22 |
| 23 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-23 |
| 24 | വനിതാ ഗ്രൂപ്പിന് ബാഗ് നിർമ്മാണ യൂണിറ്റ്- പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-24 |
| 25 | സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ(133/20-21)-നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-25 |
| 26 | റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-26 |
| 27 | എസ്.എസ്.കെ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-27 |
| 28 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-28 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-29 |

| | | |
|---|---|---|
| 30 | ലൈഫ് ഭവന പദ്ധതി -അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 28-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-09-2021) | 4-9 |
| 10 | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-07-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 20.03.20 ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 171717000 | 171750615 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 52989272 | 52846412 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം | 135049810 | 135360393 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 05.05.2021 |

2020-21 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. ഇൻകം& എക്സ്പെന്റിച്ചർ

തൊഴിലുറപ്പു പദ്ധതിയുടെ എം.ഐ.എസ് സ്റ്റേറ്റമെന്റ് പ്രകാരമുള്ള തുകയും ഭരണചെലവുകളും I-6 , I-14(A) എന്നിവയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല .

2.ബാലൻസ് ഷീറ്റ്

ഹരിപ്പാട് ജില്ലാ സഹകരണ ബാങ്കിലെ തനതു ഫണ്ട് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2021 ലും Cheue Deposited But Not Collected ആയി കാണിച്ചിട്ടുള്ള ചെക്ക് നം. 2303651/24.09.2019 - 3750/- രൂപ ,ചെക്ക് നം . 0903772/17.02.2018- 5600/- രൂപ , ചെക്ക് നം.2856642/24.09.2020-2250/-രൂപ ,ചെക്ക് നം.2818963/07.02.2020-37500/- രൂപ എന്നിവ B9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ഹെഡിൽ ചേർത്തിട്ടില്ല .

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 24 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി മൂല്യം നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയവയുടെ കൃത്യത വിലയിരുത്തുവാൻ സാധിച്ചില്ല .

4. തൊഴിൽ രഹിത വേതനമിനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച 69840/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11414777 |
| വരവ് | 52989272 |
| ആകെ | 64404049 |
| ചെലവ് | 52846412 |
| നീക്കിയിരിപ്പ് | 11557637 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | ലാപ്സായ തുക | ക്യൂബിൽ |
| വികസനഫണ്ട് പൊതുവിഭാഗം | - | 2383274 | 10692601 | 13075875 | 2383274 | 10174878 | 517723 | 109667 |
| വികസനഫണ്ട് എസ്.സി.പി. | - | 73215 | 2514285 | 2587500 | 73215 | 2521210 | -6925 | 108000 |
| വികസനഫണ്ട് ടി.എസ്.പി. | - | - | 58000 | 58000 | - | 37977 | 20023 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | 10803934 | 10803934 | - | 5433929 | 537005 | 187779 |
| പെർഫോമൻസ് ഗ്രാന്റ് | - | - | 5100000 | 5100000 | - | 903609 | 4196391 | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | 8899000 | 8899000 | - | 7572857 | 1326143 | 691982 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 37443 | 3664557 | 3702000 | - | 2933752 | 730805 | 263366 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | - | 9361111 | 9361111 | - | 1300555 | 8060556 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 65235791 | 110 | 39001242 | 7 | 35 | 76.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 932664 | 760453 | 1693117 | 1635142 | 57975 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 46376039 | 46376039 | 46376039 | |
| ആകെ | 932664 | 47136492 | 48069156 | 48011181 | 57975 |

## 1-7 ക്ഷേമപദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69840 | 97 |
| കർഷകതൊഴിലാളി പെൻഷൻ | 3444200 | 252 |
| വിധവാപെൻഷൻ | 11393700 | 811 |
| വാർദ്ധക്യകാല പെൻഷൻ | 19655000 | 1650 |
| വികലാംഗപെൻഷൻ | 3263700 | 289 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1257700 | 93 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 670/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പുതിയതായി നിർമ്മാണം പൂർത്തീകരിച്ച പി.എച്ച്.സി കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ ഹരിപ്പാട് നഗരസഭയിലേക്ക് മാറ്റിയെങ്കിലും നിലവിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണുള്ളത്(ഖ. 1-11 കാണുക)

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്: വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ: ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/02/2020 | 01/2020 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/01/2014 മുതൽ 14/02/2014 വരെ | 08/2009 മുതൽ 12/2013 വരെ | 28/03/2014 |

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1.കൾവർട്ടുകൾ/ബ്രിഡ്ജസ്-നിർമ്മാണം നടത്തിയ വർഷങ്ങൾക്ക് പകരം 91, 101 തുടങ്ങിയ നമ്പറുകൾ രേഖപ്പെടുത്തുന്നു. വാർഡ് നമ്പർ, ബ്രിഡ്ജിന്റെ പേര് എന്നിവ രേഖപ്പെടുത്തുന്നില്ല. ആസ്തി നമ്പർ ആവശ്യമായതിനാൽ വെറുതെ നമ്പർ മാത്രം രേഖപ്പെടുത്തുന്നു (ആസ്തി രജിസ്റ്റർ പേജ്.3 കാണുക).

2.റോഡ് രജിസ്റ്റർ-ഏതാനും റോഡുകളുടെ 2018-19 വർഷം വരെ അപ്ഡേഷൻ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പിന്നീട് അപ്ഡേഷൻ വരുത്തിയിട്ടില്ല. പല റോഡും ഏത് വാർഡാണെന്ന് പോലും രേഖപ്പെടുത്തിയിട്ടില്ല. (ഉദാ.വലിയകുളങ്ങര-കാരാവള്ളി റോഡ്)

3.ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ നഗരസഭയിലേക്ക് മാറ്റിയെങ്കിലും നിലവിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണുള്ളത്(ഉദാ.ആർ.കെ ജംഗ്ഷൻ-പടിത്തറ റോഡ്).

കൂടാതെ പുതിയതായി നിർമ്മിച്ച പി.എച്ച്.സി കെട്ടിടം, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ (കാർത്തികപ്പള്ളി മാർക്കറ്റ്, മീനങ്ങാടി കോളനി, മൈനാഗപ്പള്ളി കോളനി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്), പി.എച്ച്.സി യിൽ മെറ്റീരിയൽ കളക്ഷൻ സെന്ററും ബയോവേസ്റ്റ് കളക്ഷൻ സെന്ററും തുടങ്ങിയ പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23/20-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വാർഡ് വിഭജനം കാരണമാണ് ആസ്തി രജിസ്റ്ററിൽ ഇപ്രകാരം അപാകത നിലനിൽക്കുന്നതെന്നും ഭരണസമിതിയുടെ അംഗീകാരത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ഗ്രാമപഞ്ചായത്തിലെ പല സ്ഥാപനങ്ങൾക്കും സ്വന്തമായി ഭൂമിയോ കെട്ടിടമോയില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കൃഷി ഓഫീസ്, മൃഗാശുപത്രി, ആയുർവേദ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടമോ ഭൂമിയോ ഇല്ല. കൂടാതെ ആകെ 15അങ്കണവാടികൾ ഉള്ളതിൽ 7 നും സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ല.

2018-19 ൽ സംസ്ഥാന ബജറ്റിൽ ആയുർവ്വേദ കെട്ടിടനിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തി യിരുന്നെങ്കിലും സ്ഥലം കണ്ടെത്താൻ കഴിയാതിരുന്നതിനാൽ പദ്ധതി നടപ്പിലായില്ല.

ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് വസ്തു വാങ്ങി കെട്ടിടനിർമ്മാണം നടത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/20-21) മറുപടിയായി, ആയുർവേദാശുപത്രിക്ക് ഭൂമി കണ്ടെത്തി ബഹു.കളക്ടറുടെ അനുമതിക്കായി 01.07.2021 ൽ അപേക്ഷ നൽകിയതായും, മൃഗാശുപത്രി കെട്ടിടം മുനിസിപ്പാലിറ്റിക്ക് കൈമാറിയ വാർഡിലാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ കൃഷി ഭവൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന് മാത്രമാണ് വാർഷിക വാടകയായി 72000/- രൂപ നൽകുന്നതെന്നും വാർഡ് 5, വാർഡ് 10 എന്നിവിടങ്ങളിലെ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്വകാര്യ വ്യക്തികൾ സ്ഥലം വിട്ടുകൊടുക്കുവാൻ തയ്യാറായെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം

സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ തുടർ പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല എന്നും വാർഡ് 11 ലെ അങ്കണവാടിയ്ക്കായി (അങ്കണവാടി നമ്പർ-47) സ്വകാര്യ വ്യക്തി 61 ച.മീറ്റർ വസ്തു വിട്ടുനൽകിയതായും അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ പറഞ്ഞ സ്ഥാപനങ്ങൾ വിട്ടുകിട്ടിയിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടും ഇതേ വരെയും ഘടക സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തി കെട്ടിടനിർമ്മാണം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഭരണസമിതി ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ആസ്തി സൃഷ്ടിക്കുന്നതിനായി കെ.എൽ.ജി. എസ്.ഡി.പി ഗ്രാന്റ് ഉൾപ്പെടെ പല ഗ്രാന്റുകളും ലഭിച്ചിട്ടുണ്ടെങ്കിലും അതൊന്നും പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല എന്നതും ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. കൃഷി ഓഫീസ്, മൃഗാശുപത്രി, ആയുർവേദ ഹോസ്പിറ്റൽ എന്നിവയ്ക്ക് സ്ഥലം കണ്ടെത്തി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കേണ്ടതും കെട്ടിട വാടകയിനത്തിലുള്ള തുടർ ചെലവുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 കയർ സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204,205 (എ-കെ വരെ) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന കയർ സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. തൊഴിൽ നികുതി ചട്ടം.205 എഫ് പ്രകാരം എല്ലാ വർഷവും ആഗസ്റ്റ്, ഫെബ്രുവരി മാസം അവസാനിയ്ക്കുന്നതിന് മുൻപ് സെക്രട്ടറി നൽകുന്ന നോട്ടീസ് പ്രകാരം എല്ലാ ഓഫീസ് തലവൻമാരും തങ്ങളുടെ കീഴിലുള്ള ജീവനക്കാരുടെ വരുമാനം കണക്കാക്കുകയും റിട്ടേൺ പഞ്ചായത്തിൽ സമർപ്പിയ്ക്കുകയും വേണം. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-2021 രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിന നം., വാർഡ് മേൽവിലാസം |
|---|---|
| 1 | കയർസഹകരണസംഘം 697, മഹാദേവികാട് |
| 2 | 388/4, സി.വി.സി.എസ്സ്.നമ്പർ.462, മഹാദേവികാട് |
| 3 | 198/13, 651 കയർ സംഘം, മഹാദേവികാട് |
| 4 | 140/14 സെക്രട്ടറി സി.എസ്.സി.എസ്സ്. 698 മഹാദേവികാട് |
| 5 | 386/14 സി.വി.എസ്സ്. 3065 മഹാദേവികാട് |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 21/27-07-21 നൽകിയിരുന്നുവെങ്കിലും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് മൂലം ഭൂരിഭാഗം കയർപിരി യൂണിറ്റുകളും സാമ്പത്തിക വർഷത്തിൽ ചുരുക്കം ചില ദിവസങ്ങളിൽ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ എന്നും ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കയർ വ്യവസായ സംരംഭങ്ങൾക്ക് ലൈസൻസ് എടുക്കുന്നില്ല

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ പട്ടിക 1 ലെ നം. 27 പ്രകാരം ചകിരിനാര് സംഭരിച്ച് വെയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനും നം. 31 പ്രകാരം കയർ ഏതെങ്കിലും മാർഗം ഉപയോഗിച്ച് സംഭരിച്ച് വെയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നതിനും ലൈസൻസ് എടുക്കേണ്ടതാണ്. 2020-21 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരു വ്യക്തിയോ സ്ഥാപനമോ ചകിരിനാര്, കയർ എന്നിവയുടെ നിർമ്മാണത്തിനോ വിപണനത്തിനോ വേണ്ടി ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പ്രകാരം വ്യവസായാവശ്യത്തിനുള്ള-കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം, വാർഡ് മേൽവിലാസം | ഉപയോഗക്രമം |
|---|---|---|
| 1 | 1/399 കയർസഹകരണസംഘം 697, മഹാദേവികാട്, മഹാദേവികാട് | കയർ പിരി ഷെഡ് |
| 2 | 1/362/A രമ, ചാലിൽ വീട്, മഹാദേവികാട് | കയർ പിരി ഷെഡ് |

| | | |
|---|---|---|
| 3 | 1/369 കണ്ണൻ നിവാസ്, മഹാദേവികാട്,മഹാദേവികാട്, | കയർ പിരി ഷെഡ് |
| 4 | 1/372 വിലാസൻചാലിൽ, മഹാദേവികാട്, മഹാദേവികാട് | കയർ പിരി ഷെഡ് |
| 5 | 1/374വിലാസൻ, ചാലിൽ, മഹാദേവികാട് | കൈത്തൊഴിൽ ഷെഡ് |
| 6 | 2/316/Aദിവ്യ.എസ്, കാട്ടുപറമ്പിൽ, മഹാദേവികാട് | കയർ പിരി ഷെഡ് |
| 7 | 2/319 സുഷ, മുരളിഭവനം, മഹദേവികാട് | കയർ പിരി ഷെഡ് |
| 8 | 2/471 അനിൽകുമാർ, പവിഴം | കയർ പിരി ഷെഡ് |
| 10 | 378/4 സലിം ,കടയ്ക്കൽ പുത്തൻമഠം,മഹാദേവികാട്,കാർത്തികപ്പള്ളി | കൈത്തൊഴിൽ ഷെഡ് |
| 11 | 388/4,സി.വി.സി.എസ്സ്.നമ്പർ.462,മഹാദേവികാട് | കയർ പിരി ഷെഡ് |
| 12 | 259/12 രാജു ,രാജു ഭവനം,മഹാദേവികാട് | കയർ പിരി ഷെഡ് |
| 13 | 198/13 651 കയർ സംഘം,മഹാദേവികാട് | കയർ പിരി ഷെഡ് |
| 14 | 140/14 സെക്രട്ടറി സി.എന്.സി.എസ്സ്. 698 മഹാദേവികാട് | കയർ പിരി ഷെഡ് |
| 15 | 217/14 മുരളി ,ശംഭ നിവാസ്, മഹാദേവികാട് | കയർ പിരി ഷെഡ് |
| 16 | 249/14 സരിതകണ്ണൻ, കണ്ണങ്കരത്തറയിൽ, മഹാദേവികാട് | കയർ പിരി ഷെഡ് |
| 17 | 386/14 സി.വി.എസ്സ്. 3065 മഹാദേവികാട് | കയർ പിരി ഷെഡ് |
| 18 | 427/14 വിലാസിനി, മുണ്ടുകാട്ടില്, മഹാദേവികാട് | കയർ പിരി ഷെഡ് |
| 19 | 511/14 അജിത, ശംഭുനിവാസ് പുതുവേലിൽ | കയർ പിരി ഷെഡ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 19/27-07-21 നൽകിയിരുന്നുവെങ്കിലും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് 19 വ്യാപനം മൂലം കയർപിരി യൂണിറ്റ് ഉൾപ്പടെയുള്ള പല വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കാതിരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/ സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് കാർത്തികപ്പള്ളി ശാഖയിൽ 19.07.19 ൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കരാറുകാർ ഇ-ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ തുകകളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2020-2021 ലെ പ്രവൃത്തികളിൽ ഇ ടെണ്ടർ, റീ-ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. 2015-16 വർഷം മുതൽ നാളിതുവരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ഉപയോഗശൂന്യമായ കുടിവെള്ള കണക്ഷൻ വിച്ഛേദിക്കുന്നില്ല - പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ ഭീമമായ നഷ്ടം

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആകെ 169 പൊതുടാപ്പുകളാണ് 04/2019 വരെ നിലവിലുണ്ടായിരുന്നത്. ഇതിന് പ്രതിവർഷം 73938 രൂപ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടച്ചിരുന്നു. എന്നാൽ 05/2019 ലെ വാട്ടർ ബിൽ

പ്രകാരം ടാപ്പുകളുടെ എണ്ണം 269 ആയി കാണിച്ച് (100 ടാപ്പുകളുടെ എണ്ണം അധികം) കരം ഡിമാന്റ് ചെയ്യുകയും ചെയ്തു. 05/2019 മുതൽ 07/2020 വരെ പ്രതിമാസം 43750/- രൂപ നിരക്കിൽ 15 മാസത്തേയ്ക്ക് 656250/- രൂപ അധികമായി ഡിമാന്റ് ചെയ്തിരുന്നു. ടി കാലയളവിൽ പഞ്ചായത്ത് പുതുതായി പൊതു ടാപ്പുകൾ ഒന്നും സ്ഥാപിച്ചിരുന്നില്ല. വെള്ളക്കരം അധികമായി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും 04/2019 മുതൽ 08/2020 വരെ 169 ടാപ്പുകൾക്ക് പ്രതിമാസം 73938 രൂപ വീതമാണ് അടച്ചു കൊണ്ടിരുന്നത്. എന്നാൽ 22/03/2019 ലെ PHS/HPD/GL/1/2016 നം കത്ത് പ്രകാരം ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്തപരിശോധന നടത്തുകയും 221 ടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. പഞ്ചായത്തിലെ ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിന് വേണ്ടി 29/03/2019 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 3(1)-ാം നം. തീരുമാന പ്രകാരം വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിയ്ക്കുകയും ചെയ്തിരുന്നു (കത്ത് നം. സി3-969/19 തീയതി 20/04/2019).

ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിന് വേണ്ടി 261000/- രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് (വൗച്ചർ നം-22000165/03-07-2020 ട്രഷറി ചെക്ക് നം. 2856811/03-07-2020) നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതിന് ശേഷം സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് നൽകിയ മറുപടിയിൽ 216 ടാപ്പുകൾ വിച്ഛേദിയ്ക്കാനായി 261000/- രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചതിൽ 216 എണ്ണം വിച്ഛേദിച്ചിട്ടുണ്ടെന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി തീരുമാനം പ്രകാരം വിച്ഛേദിയ്ക്കാൻ തീരുമാനിച്ച ലിസ്റ്റിൽ 221 ടാപ്പുകളാണ് ഉണ്ടായിരുന്നത്. കണക്ക പ്രകാരം 5 ടാപ്പുകൾ കുറവാണ് (269-216=48) വിച്ഛേദിച്ചതെങ്കിലും പഞ്ചായത്ത് ഒക്ടോബർ മാസം മുതൽ 48 ടാപ്പുകളുടെ തുകയായ 21000/- രൂപ മാത്രമേ വെള്ളക്കരമിനത്തിൽ അടയ്ക്കുന്നുള്ളൂ. ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ നിലവിൽ ടാപ്പുകളുടെ എണ്ണം 69 ആയി ബില്ലിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം പ്രകാരം വെള്ളക്കരം മുൻകാലപ്രാബല്യത്തോടെ കുറവ് ചെയ്തു നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റിയ്ക്ക് 29/07/2020 ൽ 966/2020 നം. കത്തും, 09/03/2021 ൽ 833/2020 കത്ത് പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ കണക്ഷനുകൾ യഥാസമയം വിച്ഛേദിച്ചിരുന്നുവെങ്കിൽ പഞ്ചായത്തിന് താഴെ പറയും പ്രകാരം അധികചെലവ് ഉണ്ടാകില്ലായിരുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 04/2019 മുതൽ 08/2020 വരെ 169 ടാപ്പുകൾക്ക് പ്രതിമാസം 73938/- രൂപ വീതം അടച്ച തുക | 17x73938 = 1256946 |
| സംയുക്ത പരിശോധനയ്ക്ക് ശേഷം ഉള്ള ടാപ്പുകളുടെ എണ്ണം | 48@21000 |
| 04/2019 മുതൽ 08/2020 വരെ 48 ടാപ്പുകൾക്ക് പ്രതിമാസം 21000/-രൂപ വീതം അടയ്ക്കേണ്ടിയിരുന്ന തുക | 17 X 21000 = 357000 |
| വ്യത്യാസം | 1256946-357000=899946 |

മുൻകാല പ്രാബല്യത്തിൽ വെള്ളക്കരം കുറവ് ചെയ്തു ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ തുടരേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഹരിത കർമ്മ സേന - മികച്ച പ്രവർത്തന മാതൃക

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.01.2016 ലെ 576/ഡി.ഡി.1/2016/തസ്വഭവ സർക്കുലറിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെ 03.02.2017 ലെ തീരുമാനം നമ്പർ.4 ന്റെയും അടിസ്ഥാനത്തിൽ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 2017 ഏപ്രിൽ 1 മുതൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ നടപ്പിലാക്കി.

പഞ്ചായത്തിനെ പ്ലാസ്റ്റിക്ക് മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 കാലയളവുകളിൽ രണ്ടു പദ്ധതികളും നടപ്പിലാക്കിയിരുന്നു.

| വർഷം | പ്രോജക്ട് | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നം. | | | |
| 2019-20 | 131/19-20 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൺസി ഫീ, ഹരിത കർമ്മ സേനയ്ക്ക് വയബലിറ്റി ഗ്യാപ് ഫണ്ട് | 346958(വിഫ.ജനറൽ)<br>70642(കേന്ദ്രാവിഷ്കൃത ഫണ്ട് )<br>ആകെ 417600/- | 296584(വിഫ. ജനറൽ) |
| 2020-21 | 79/20-21 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൺസി ഫീ | 223356(ധനകാര്യ കമ്മീഷൻ അവാർഡ് ) | 216353(ധനകാര്യ കമ്മീഷൻ അവാർഡ് ) |

മേൽ പദ്ധതികളുടെ ഭാഗമായി 2018-19 ൽ 26 അംഗങ്ങൾ ഉള്ള ഹരിത കർമ്മ സേന രൂപീകരിച്ച്, 2019-20 ൽ പാലക്കാട് ഐ.ആർ.ടി.സി. യെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൺസി ആയി നിശ്ചയിക്കുകയും ചെയ്തു. ജൈവവും, അജൈവവുമായ മാലിന്യങ്ങൾ വാതിൽപ്പടിയിൽ നിന്നും ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള പരിശീലനം ഹരിത കർമ്മ സേനാംഗങ്ങൾക്കും, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന അവബോധം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ളവർക്ക് ഉണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളും ഐ.ആർ.ടി.സി നടത്തിയിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും ഐ.ആർ .ടി.സി. കോ-ഓർഡിനേറ്റർമാരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. ഇത് പ്രതിമാസ റിപ്പോർട്ടാക്കി പുറപ്പെടുവിക്കുന്നുണ്ട്.

പഞ്ചായത്തിലെ 90% വീടുകളും ഇന്ന് പദ്ധതിയുടെ ഭാഗമാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി 50 രൂപ യൂസർ ഫീ ഈടാക്കുന്നുണ്ട്. മാലിന്യങ്ങൾ എം.സി.എഫ് ൽ സംഭരിച്ച് ക്ലീൻ കേരള മിഷന് കൈമാറുന്ന പ്രവർത്തി കൃത്യമായി നടന്നു വരുന്നു. 2019-20 മുതൽ നാളിതു വരെ 25000 കിലോ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുവാനും 1,31,798/- രൂപ ഇതിലൂടെ വരുമാനം നേടുവാനും ഹരിതകർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

2019-20 ൽ വി.ജി.എഫ് ആയി 126400/- രൂപ ഹരിതകർമ്മ സേനയ്ക്ക് നല്കിയിരുന്നു. നിലവിൽ വി.ജി.എഫ് ഇല്ലാതെ തന്നെ പ്രവർത്തന ചെലവിനുള്ള തുക കണ്ടെത്തുവാൻ ഹരിതകർമ്മ സേനാ പ്രവർത്തകർക്ക് കഴിയുന്നു. ഓരോ പ്രവർത്തി ദിവസവും ഹരിത കർമ്മ സേനാംഗങ്ങൾക്ക് 600/- രൂപ വേതനം ഹരിത കർമ്മ സേനയുടെ കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നിന്നും ലഭിക്കുന്നു.

കോവിഡ് കാലയളവിലും, ഇക്കാലത്ത് നടന്ന രണ്ട് പൊതു തെരഞ്ഞെടുപ്പ് വേളയിലും മികച്ച പ്രവർത്തനം ഹരിത കർമ്മ സേന നടത്തി എന്ന് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനും മാലിന്യത്തെ വരുമാനദായകമായ രീതിയൽ തരം തരിച്ച് കൈമാറുന്നതിനും പ്രവർത്തകർക്ക് പ്രതിമാസം നിശ്ചിതമായ വരുമാനം നേടുന്നതിനും ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## 1-18 ഓൺ ലൈൻ പഠന പദ്ധതി ടിവി വാങ്ങൽ പദ്ധതി മാത്രമായി ഒതുങ്ങി

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ സ.ഉ.(സാധാ) നം.1269/2020/25.06.2020 ഉത്തരവിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അങ്കണവാടി മുഖേന പഠന സൗകര്യം ഒരുക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കുകയും അതിനായി വാങ്ങുന്ന ഒരു ടിവി സെറ്റിന്റെ ബിൽ പ്രകാരമുള്ള തുകയുടെ 75% മോ പരമാവധി 10000/- രൂപയോ കെ.എസ്.എഫ്.ഇ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും അനുമതി നല്കി.

കെ.എസ്.എഫ്.ഇ യുടെ ഓൺലൈൻ വിദ്യാസഹായി എന്ന പദ്ധതി പ്രകാരം കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്ക് ടി.വി വിതരണം ചെയ്യുന്നതിനായി കെ.എസ്.എഫ്.ഇ ൽ നിന്നും ചെക്ക് നം.3843/13.10.2020 ആയി ലഭിച്ച 1,60,000/- രൂപ അഡ്മിൻ ഇൻഫോ സൊല്യൂഷൻ, ഹരിപ്പാട് എന്ന സ്ഥാപനത്തിന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെക്ക് നം. 070288/30.10.2020 മുഖേന നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.എഫ്.ഇ യിൽ നിന്നും 14.10.2020 ൽ സെക്രട്ടറിയ്ക്ക് നല്കിയ കത്തിൽ, 16 അങ്കണവാടികൾ 06.08.2020 ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയ്ക്കായി തുക നല്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിലും ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധനയ്ക്കായി ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിലും 15 അങ്കണവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. മേൽ പരമർശിത കത്തിൽ പറഞ്ഞിട്ടുള്ള അങ്കണവാടി നം.28 പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളതല്ല. എന്നാൽ ഇവിടെയും ടി.വി നല്കിയിട്ടുണ്ട്.

2. അഡ്മിൻ ഇൻഫോ സൊല്യൂഷൻ, ഹരിപ്പാട് എന്ന സ്ഥാപനത്തിനാണ് തുക കൈമാറിയിട്ടുള്ളതെങ്കിലും ടി.വി.വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ഇതിന്റെ പർച്ചേസ് ബില്ലോ 10/2020 ലെ തനതു ഫണ്ട് വൗച്ചറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3 . ടി.വി ലഭിച്ച അങ്കണവാടികളിൽ അവ കവർ പോലും തുറക്കാത്ത അവസ്ഥയിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് വിവിധ അങ്കണവാടികളിൽ അന്വേഷിച്ചതിൽ നിന്നും വ്യക്തമായി.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.18/20-21/26.07.21 ന് സമർപ്പിച്ച മറുപടിയോടൊപ്പം കെ.എസ്.എഫ്.ഇ യിൽ അങ്കണവാടികൾ സമർപ്പിച്ച അപേക്ഷയും അമിൻ ഇൻഫോ സൊല്യൂഷൻ, ഹരിപ്പാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനും ഹാജരാക്കി. ക്വട്ടേഷനിൽ സാംസംങ്ങിന്റെ 13490.36/- രൂപ വിലയുള്ള 32 ഇഞ്ച് ടി.വി എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല.
പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുവാൻ 30.07.2021 തീയതിയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിന് തൊട്ടടുത്തായി ഉള്ള ചുടുകാട് ലക്ഷം വീട് കോളനിയിൽ സ്ഥിതി ചെയ്യുന്ന അങ്കണവാടി നമ്പർ 31 ൽ അങ്കണവാടി വർക്കറുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തി. അങ്കണവാടിയിൽ നിന്നും കെ.എസ്.എഫ്.ഇ യിൽ കൊടുത്ത അപേക്ഷയിൽ 9 പഠിതാക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിക്കായി കണ്ടെത്തിയ പഠിതാക്കളുടെ ലിസ്റ്റ് അങ്കണവാടിയിൽ സൂക്ഷിച്ചിട്ടില്ല. ലഭിച്ചിട്ടുള്ള ടി.വി സാംസങ്ങ് കമ്പിനിയുടേതുമല്ല. മറിച്ച് OG ELECTRONICS എന്ന പേരിൽ ഉള്ള 32 Inch ടിവി ആണ് കണ്ടത്. ഇതിന്റെ കവർ പോലും അഴിച്ചിട്ടില്ല.

ഓൺ ലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കായി പഠനസൗകര്യം ഏർപ്പെടുത്തുക എന്നതായിരുന്നു പദ്ധതി ലക്ഷ്യമെങ്കിലും ഇത് ടിവി വാങ്ങൽ പദ്ധതി മാത്രമായി മാറി. ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി.വി വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ കൃത്യതയും ബോധ്യപ്പെട്ടില്ല. ഓൺ ലൈൻ പഠന പദ്ധതി ടി.വി വാങ്ങൽ പദ്ധതി മാത്രമായി ചുരുങ്ങി എന്നും ഒരു പഠിതാവു പോലും പദ്ധതിയുടെ ഗുണഭോക്താവായില്ല എന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ചെലവു തുകയായ 1,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-19 തെരുവ് വിളക്കുകൾ- സംയുക്ത പരിശോധനയ്ക്ക് ശേഷവും വൈദ്യുതി ചാർജ്ജിൽ വ്യത്യാസമില്ല</u>

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി കൺസ്യൂമർ നം. 1155260002082 പ്രകാരം 1198 എണ്ണം തെരുവുവിളക്കുകൾ നിലവിലുള്ളതായി കാണുന്നു. ടി തെരുവുവിളക്കുകൾക്കായി പ്രതിമാസം 33682/-രൂപ വീതം അടയ്ക്കുന്നുമുണ്ട്. എന്നാൽ കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ 31/03/2021 ലെ ഇഎസ്/കെപിഎൽവൈ/ നിലാവ് 2020-21 നം. കത്തിലെ സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ പ്രകാരം 605 തെരുവു വിളക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. സംയുക്തപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ബില്ലിൽ മാറ്റം വരുത്തിയിട്ടില്ല. 593 വിളക്കുകളുടെ ചാർജ്ജ് അധികമായാണ് പഞ്ചായത്ത് കെ.എസ്.ഇ.ബി യ്ക്ക് നല്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ന് നൽകിയ മറുപടിയിൽ മേൽ 1198 തെരുവ് വിളക്കുകൾക്ക് പ്രതിമാസം 33682/- രൂപ അടയ്ക്കുന്നുണ്ടെന്നും ജോയിന്റ് വേരിഫിക്കേഷന് ശേഷം 605 എണ്ണം തെരുവ് വിളക്കുകൾ മാത്രമാണ് ഉള്ളതെന്നും ടി എണ്ണം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് തിട്ടപ്പെടുത്തി ആയത് മുൻകാല പ്രാബല്യത്തോടെ അടവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 19/06/2021 ൽ കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകിയെന്നും പറയുന്നുണ്ട്. എന്നാൽ ഇതുവരെയും വൈദ്യുതിചാർജ്ജിൽ മാറ്റം വന്നിട്ടില്ല. പുതുക്കിയ എണ്ണത്തിന് അനുസൃതമായി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് മുൻകാലപ്രാബല്യത്തോടെ തിട്ടപ്പെടുത്തി, വ്യത്യാസം ക്രമീകരിച്ചും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയും വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാനുള്ള നടപടികൾ വേഗത്തിലാക്കാൻ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടാവേണ്ടതാണ്.

## <u>1-20 അഗതി രഹിത കേരളം പദ്ധതി</u>

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സി.ഡി.എസ് മുഖേന നടത്തപ്പെട്ട അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 41 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 81 ഗുണഭോക്താക്കളുമായി ആകെ 122 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. പിന്നീട് ഈ പദ്ധതി അഗതിരഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. അഗതിരഹിത കേരളം പദ്ധതിയിൽ നിലവിൽ 119 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ അനുഭവിക്കുന്നു. ഇതിലെ മൂന്നു ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒരു

ഗുണഭോക്താവിന് പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി നല്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ ഭക്ഷ്യ ധാന്യ വിതരണത്തിനും ഉപയോഗിച്ചിട്ടുണ്ട്.

1. പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഘട്ടം | ഫണ്ട് | വകയിരുത്തൽ | ചെലവഴിച്ചത് |
|---|---|---|---|
| ഒന്ന്&രണ്ട് | വികസന ഫണ്ട് | 59850 | 59850 |
| | ചലഞ്ച് ഫണ്ട് | 1449417 | 1449417 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 458600 | 326000 |
| അഗതി രഹിത കേരളം | ചലഞ്ച് ഫണ്ട് | 268765(ആദ്യ ഗഡു) | 268765 |
| | | 1231440(രണ്ടാം ഗഡു) | ചെലവ് പുരോഗമിക്കുന്നു |

2. ഭവന നിർമ്മാണത്തിനായി ലഭിച്ച തുക നിക്ഷേപമായി തുടരുന്നു

2010 ൽ ഭവന നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 132600/- രൂപ നിലവിലും സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല. പദ്ധതി ഭേദഗതി സമയത്ത് ഈ തുക ലൈഫ് ഭവന പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുകയോ അല്ലാത്ത പക്ഷം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യും എന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ നം. 04/20-21 /16.07.21 ന് ഉള്ള മറുപടിയിൽ അറിയിച്ചത്.

3. ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനു വേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയ പദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2020-21 ൽ ഗുണഭോക്താക്കൾക്ക് കൗൺസിലിംഗ് നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

4.വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമിതി, ആശ്രയ പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ്. ഇപ്രകാരം രൂപീകരിച്ച വിലയിരുത്തൽ സമിതി 23.07.2019 ൽ യോഗം കൂടിയിട്ടുണ്ട്. 25.06.2020 ൽ യോഗം കൂടുവാൻ നിശ്ചയിച്ചെങ്കിലും പ്രസിഡന്റും സി.ഡി.എസ്സ് ചെയർ പേഴ്സണും മാത്രം ഹാജരായിട്ടുള്ളതിനാൽ യോഗം നടന്നില്ല. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 ജനകീയ ഹോട്ടൽ - പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ ചുവടു വയ്പ്പ്

പ്രോജക്റ്റ് നം/ പേര് : 81/20-21/സംരംഭക യൂണിറ്റ് -വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ

അടങ്കൽ : 110000

ചെലവ് : 92249

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയ ശ്രദ്ധേയമായ പദ്ധതിയാണ് സംരംഭക യൂണിറ്റ് -വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ.

കേരള സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന സംരംഭക പദ്ധതിയുടെ ഭാഗമാണ് വിശപ്പ് രഹിത കേരളം എന്ന സങ്കല്പം. കുടുംബശ്രീയുടെ സംരംഭക പ്രവർത്തനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനവും, സിവിൽ സപ്ലൈസും കൂട്ടായി നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ ഉച്ചഭക്ഷണം (നിലവിൽ ഇരുപതു രൂപ മാത്രം) കൊടുക്കുന്നതിന് പ്രാധാന്യം നല്കുന്നു.

സർക്കാർ ഉത്തരവു പ്രകാരം, ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല എന്ന നിലയിൽ ജനകീയ ഹോട്ടൽ സ്ഥാപിയ്ക്കുന്നതിനുള്ള മുറി സൗകര്യം, വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. കാറ്ററിംഗിൽ പരിശീലനം ലഭിച്ച കുടുബശ്രീ യൂണിറ്റായ രുചി കുടുംബശ്രീ കാന്റീൻ & കാറ്ററിംഗ് സർവ്വീസിനെയാണ് പദ്ധതി നടത്തിപ്പ് ഏൽപ്പിച്ചിട്ടുള്ളത്. 2020 ആഗസ്റ്റ് മാസം ഹോട്ടലിന്റെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിയ്ക്കുകയും ഓഡിറ്റ് സമയത്തും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം തുടരുകയും ചെയ്യുന്നു.

പൊതു ജനങ്ങൾ, കോവിഡ് കാരണം ക്വാറന്റീനിൽ കഴിയുന്നവർ, അന്യ സംസ്ഥാനത്തിൽ നിന്നുൾപ്പടെയുള്ള തൊഴിലാളികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ ഇതിന്റെ പ്രവർത്തകരായ കുടുബശ്രീ പ്രവർത്തകരായ സ്ത്രീകൾക്ക് നല്ല വരുമാനവും ഇതിലൂടെ ലഭിയ്ക്കുന്നു. കുടുബശ്രീയുടെ സംരംഭക പ്രവർത്തനത്തിന് മികച്ച ഉദാഹരണമായി ഈ പദ്ധതി മാറിയിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തിനും ഒരു പോലെ പ്രയോജന പ്രദമായ ഈ പദ്ധതി തുടർന്നു കൊണ്ടു പോകുവാൻ പഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-22 ലാപ്ടോപ്പ് വാങ്ങുന്നതിലെ സാങ്കേതിക തടസ്സം -വിദ്യാർത്ഥികൾക്ക് പഠനോപകരണം ലഭിയ്ക്കുന്നതിൽ കാലതാമസം

പ്രോജക്ടിന്റെ നം. /പേര് .09/20-21-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ. 265882/-

ചെലവ്. 217832/-

ബിൽ നം. 14/26.08.21

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കുന്നതിനായി രൂപീകരിച്ചതാണ് ഈ പദ്ധതി. പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതിനു ശേഷം വന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2020 ലെ ഡി-എ1/363/2019/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം CPRCS പോർട്ടലിൽ നിന്നു മാത്രമേ ലാപ്ടോപ്പ് വാങ്ങാവൂ എന്ന നിർദ്ദേശം വരികയും ഇതിലെ സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് കോർഡിനേഷൻ കമ്മിറ്റിയുടെ 16.09.2020 ലെ തീരുമാന പ്രകാരം CPRCS, ജെം പോർട്ടൽ, ടെൻഡർ, ഇ-ടെൻഡർ എന്നിവയിലേതെങ്കിലും മാർഗ്ഗം മുഖേന വാങ്ങുവാൻ അനുമതി നല്കി. അതിനു ശേഷം 20.10.2020 ലെ ഡി-എ1/208/2020 നമ്പർ ഉത്തരവു പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പിന് 27,722/- രൂപയിൽ അധികരിയ്ക്കരുതെന്ന പ്രത്യേക നിർദ്ദേശവും വന്നു.

ജെം പോർട്ടൽ, ടെൻഡർ എന്നിവയിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പിന് 40,000/- രൂപ വരുമെന്നതിനാൽ 2021 മാർച്ച് മാസത്തിൽ CPRCS പ്രവർത്തന ക്ഷമം ആയതിനുശേഷം കെൽട്രോൺ മുഖേന ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയും 8 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ഇൻവോയിസ് നം. 24503/15.03.21 ന്റെ അടിസ്ഥാനത്തിൽ 217832/- രൂപ ചെലവഴിച്ചിട്ടുമുണ്ട്.

ലാപ്ടോപ്പ് വാങ്ങുന്നതിലെ തുടർച്ചയായ സാങ്കേതിക പ്രശ്നങ്ങൾ കാരണം ലാപ്ടോപ്പ് ലഭിയ്ക്കുന്നതിന് വളരെ അധികം കാലതാമസം വരികയും ഓഡിറ്റ് വേളയിൽ 29.07.2021 നാണ് അത് ലഭിച്ചത്. ലാപ്ടോപ്പ് ലഭിയ്ക്കുന്നതിലെ കാലതാമസത്തിന് കാരണം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 5/16.07.21 ന് ലാപ്ടോപ്പിനുള്ള ഡിമാന്റ് കൂടിയതും കോവിഡ് സാഹചര്യവും കാലതാമസത്തിന് ഇടയാക്കുന്നതായി കെൽട്രാൺ അറിയിച്ചതായാണ് മറുപടി നല്കിയത്.

വിദ്യാഭ്യാസം പൂർണ്ണമായും ഓൺ-ലൈൻ മാർഗ്ഗത്തിൽ ആയ ഇക്കാലത്ത് വിദ്യാർത്ഥികൾക്ക് അത്യാവശ്യം വേണ്ട പഠനോപകരണമായ ലാപ്ടോപ്പ് ലഭിയ്ക്കുന്നതിലെ കാലതാമസം അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിയ്ക്കുകയും പദ്ധതി ലക്ഷ്യം തന്നെ ഇല്ലാതാകുകയും ചെയ്യും എന്നതിനാൽ അടിയന്തിരമായി അവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-23 ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 1,00,000/- രൂപ (പ്രോജക്ട് നം. 91/20-21, മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്, ബിൽ നം. 1/2020-21/02.10.20) ഹോംകോ, ആലപ്പുഴയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിരുന്നെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 01/20-21/ 12.7.21 നൽകിയതിന് കോവിഡിന്റെ രണ്ടാം തരംഗവും കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാലും മരുന്ന് ഉത്പാദനത്തിന് തടസ്സം നേരിട്ടുവെന്നുമാണ്. മരുന്ന് ലഭ്യമാകുന്നത് വരെ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വനിതാ ഗ്രൂപ്പിന് ബാഗ് നിർമ്മാണ യൂണിറ്റ്- പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം/പേര്. 71/21-വനിതാ ഗ്രൂപ്പിന് ബാഗ് നിർമ്മാണ യൂണിറ്റ്

അടങ്കൽ - 300000/-

ചെലവ് - 200000/-

ബിൽ നം. - 49/30.03.21

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21വർഷം നടപ്പാക്കിയ പദ്ധതിയാണ് വനിതാ ഗ്രൂപ്പിന് ബാഗ് നിർമ്മാണ യൂണിറ്റ് പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്കു പകരം തുണി സഞ്ചി നിർമ്മിച്ചുപയോഗിക്കുക വഴി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് അധിക വരുമാനവും പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും പദ്ധതി ലക്ഷ്യമിടുന്നു.

നൂതനമായ പദ്ധതി എന്ന നിലയിൽ ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 07.01.2021 ലെ 4.27 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചു. സംരംഭം തുടങ്ങുന്നനതിനാവശ്യമായ രേഖകൾ സമർപ്പിച്ച മുറയ്ക്ക് യൂണിയൻ ബാങ്കിന്റെ കാർത്തികപ്പള്ളി ശാഖയിലെ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിലേക്ക് ബാക്ക് എന്റ് സബ്സിഡിയായി 200000/- രൂപ അനുവദിച്ചു. സാമ്പത്തിക വർഷാവസാനദിനമായ 30.03.21 തീയതിയിൽ തുക അനുവദിച്ചതു കാരണം തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾ നടന്നില്ല. 2021 ഏപ്രിലിൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിക്കുവാനായി നടപടികൾ സ്വീകരിച്ചുവെങ്കിലും ആവശ്യമായ തയ്യൽ മെഷീൻ, സഞ്ചി തയ്ക്കുവാനുള്ള തുണിത്തരങ്ങൾ, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവയുടെ ലഭ്യത മെയ്, ജൂൺ മാസങ്ങളിലെ കോവിഡ് ലോക്ക്ഡൗൺ മൂലവും തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണവും മുടങ്ങി.

പദ്ധതി നിലവിലെ അവസ്ഥയുടെ വിവരം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7/20-21 ന് 2021 ആഗസ്റ്റ് 15 ന മുൻപ് പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് മറുപടി നല്കി. പദ്ധതി ആരംഭിച്ചിട്ടില്ലാത്തതിനാൽ അതിനായി ചെലവഴിച്ച 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധിക വരുമാനത്തിലൂടെ വനിതകൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുക, പ്ലാസിറ്റ് നിർമ്മാർജ്ജനത്തിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കുക തുടങ്ങി വിശാലമായ ലക്ഷ്യങ്ങളോടെ രൂപീകരിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ അടിയന്തിരമായി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ(133/20-21)-നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി തൻവർഷം 328628/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് | 335400 |
| കരാർ നം | 17.03.20, കരാർ നമ്പർ ഉൾപ്പെടുത്തിയിട്ടില്ല. |
| എഗ്രീഡ്. പി.എ.സി | 335400 |
| കരാറുകാരന്റെ പേര് | ഐ.ആർ.റ്റി.സി |
| തുക | 160000/ചെക്ക് നം.93066-68/10.07.20 |
| | 168628/ചെക്ക് നം.93071/25.03.21 |
| എം. ബുക്ക് നം. | 27/19-20 |

സ്കൂളുകളിൽ 50 കി.ഗ്രാം ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് ഡോം രീതിയിലുള്ളതും 4 ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ രീതിയിലുള്ളതുമായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഐ.ആർ.റ്റി.സി യെയാണ് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. മഹാദേവികാട് ഗവ.യു.പി.എസ്, എസ്.എൻ.ഡി.പി.എച്ച് എസ് എന്നീ രണ്ട് സ്കൂളുകളിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ആകെ മൂല്യം കണക്കാക്കിയിട്ടുള്ളതും.

| | |
|---|---|
| ഫ്ലോട്ടിംഗ് ഡോം രീതിയിലുള്ള ബയോഗ്യാസ് പ്ലാന്റ് | 208874.28 |
| Consultancy Charge For Technical Support | 20000 |
| Portable Biogas Plant, 4m3 Capacity | 70000 |
| GST 12% Of Construction & Consultaion Charges | 27464.91 |
| Flood Cess 1% | 2288.74 |
| | 328627.93 |

അപാകതകൾ താഴെ കൊടുക്കുന്നു.

1.ജി.എസ്.റ്റി, ഫ്ലഡ് സെസ്സ് ഉൾപ്പെടെയുള്ള തുക ഐ.ആർ.റ്റി.സി യ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. Flood Cess ഉൾപ്പെടെയുള്ള നികുതികൾ സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല. 2% ജി.എസ്.റ്റി-റ്റി.ഡി.എസ് സോഴ്സിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. Flood Cess 1% തുകയും സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

2.കൺസൾട്ടൻസി ചാർജ്ജ് ഉൾപ്പെടെയുള്ള തുക മുൻകൂറായി തന്നെ സ്ഥാപനത്തിന് നലകിയിരിക്കുകയാണ്. സ്കൂളുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതല്ലാതെ കമ്മീഷൻ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22/20-21), കരാറിൽ ജി.എസ്.റ്റി നേരിട്ട് ഒടുക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെന്നും ഐ.ആർ.റ്റി.സി-പി.ഐ.യുവിൽ നിന്നും ലഭിച്ച കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നുമാണ് മറുപടി നൽകിയത്. നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഇതേ വരെയും ഹാജരാക്കാത്ത സാഹചര്യത്തിൽ റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം ബിൽ നം2/06.08.20 പ്രകാരം 300000/- രൂപ എസ്.എസ്.കെ-യ്ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.കെ,

ആലപ്പുഴയുടെ വാർഷിക വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ച് നൽകിയിരിക്കുന്നത്. വിനിയോഗ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്കായി തുക ചെലവഴിച്ചതിന്റെ വ്യക്തമായ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 300000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-28 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 16/26.7.21 നൽകിയതിന് പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭിയ്ക്കുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ്. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നത് വരെ 11,55,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -

8-ാം വാർഡിലെ അംഗൻവാടി നമ്പർ 31 മുതൽ ചുടുകാട് കോളനി വരെയും 1-ാം വാർഡിലെ പുളിക്കീഴ് പാലത്തിന് പടിഞ്ഞാറ് മുതൽ SN നഗർ വരെയും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് 875000/- രൂപ ബിൽ നമ്പർ 13/3.7.20 പ്രകാരം പിൻവലിച്ച് (പ്രോജക്ട് നമ്പർ - 102/21) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു.

2. അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ - S0135/21 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി വികസനഫണ്ട് സാധാരണവിഹിതത്തിൽ നിന്ന് ബിൽ നമ്പർ 4/7.5.20 പ്രകാരം 19000/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു.

3. ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിയ്ക്കുക - സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി S0101/21 പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 261000/-രൂപ, ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിനായി വാട്ടർ അതോറിറ്റിയിലേയ്ക്ക് (വൗച്ചർ നം-22000165/03-07-2020 ട്രഷറി ചെക്ക് നം. 2856811/03-07-2020) അടവാക്കി.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശപ്രകാരം ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 24/28.7.21 നൽകിയതിന് മെറ്റീരിയൽ പ്രവർത്തികളുടെ EMD&SD തുകയിൽ നിന്നും ജി.എസ്.റ്റി തുക ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കാമെന്നാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തിയുടെ വിശദാംശം | കരാറുകാരൻ | എം.ബുക്ക് നമ്പർ | എഫ്.റ്റി.ഒ. നമ്പർ | പ്രവർത്തി മൂല്യം | സാധനങ്ങളുടെ വിലയിനത്തിൽ കരാറുകാരന് നൽകിയ തുക | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|---|---|---|---|---|
| 1. | പൂഴിക്കാട് മുതൽ കണ്ണങ്കര റോഡ് കോൺക്രീറ്റിംഗ് വാർഡ് നം - 3 | ശ്രീകുമാർ, ശ്രീഭവനം, അകംകുടി | 18/Mgnregs/Kply/20-21 | KL1611006003151 220FTO 539721 | 738617 | 616230 | 12325 |
| 2. | നെടുന്തറ - കളയ്ക്കാട്ട് | വിനോദ്, | 19/Mgnregs/Kply/ | KL1611006003 | 610914 | 511974.03 | 10239 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ്കോൺക്രീറ്റിംഗ് വാർഡ് നം - 8 | ആലംപള്ളിൽ ഹൌസ്, പിലാപ്പുഴ | 20-21 | 310321 FTO 977206 | | | |
| 3. | കാക്കച്ചിറ - ദ്വീപിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് നം - 12 | വിനോദ്, ആലംപള്ളിൽ ഹൌസ്, പിലാപ്പുഴ | 433/Kply/19-20 | KL1611006003 270321 FTO 945471 | 474046 | 414646 | 8293 |
| 4. | പുളിക്കീഴ് - പുത്തൻപുരയിൽ ഓട നിർമ്മാണം വാർഡ് നം - 12 | ശ്രീകുമാർ, ശ്രീഭവനം, അകംകുടി | 11/Mgnregs/Kply/ 20-21 | KL1611006003 270321 FTO 945437 & KL1611006003 270321 FTO 945476 | 484855 | 412695 | 8254 |
| 5. | കൊച്ചുപുരയ്ക്കൽ - തട്ടാരുപറമ്പിൽ റോഡ് കോൺക്രീറ്റിംഗും സൈഡില് പിച്ചിംഗ് നിർമ്മാണവും | വിനോദ്, ആലംപള്ളിൽ ഹൌസ്, പിലാപ്പുഴ | 429/Kply/19-20 | KL1611006003 310321 FTO 977205 | 291939 | 256239 | 5125 |
| | | | | | | | 44236 |

## 1-30 ലൈഫ് ഭവന പദ്ധതി -അവലോകനം

കേരളം അഭിമുഖീകരിയ്ക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവ കേരളം സൃഷ്ടിയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് നവകേരളം കർമ്മ പദ്ധതി. നാല് വികസന മിഷനുകൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിയിൽ ഒന്നാമതായി ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ - ന്റെ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി വരുന്നു.

വി.ഇ.ഒ നിർവ്വഹണ ഉദ്യാഗസ്ഥനായി 2019-20, 2020-21 വർഷം ജനറൽ വിഭാഗത്തിനും എസ്.സി/എസ്.ടി വിഭാഗങ്ങൾക്കും പ്രത്യേകമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഈ പദ്ധതിയിൽ ആവിഷ്ക്കരിച്ച നടപ്പാക്കി.

1. ലൈഫ് പദ്ധതിയ്ക്കായി 2019-20 ൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

| ക്രമ നം. | പ്രോജക്ട് നം/ പേര് | അടങ്കൽ | | ചെലവ് | |
|---|---|---|---|---|---|
| 1. | 38/19-20 ലൈഫ് ഭവന പദ്ധതി(ജനറൽ) | 2269800 | വികസന ഫണ്ട് ജനറൽ | 2269800 | വികസന ഫണ്ട് ജനറൽ |
| | | 515121 | ബ്ലോക്ക് വിഹിതം | 115121 | ബ്ലോക്ക് വിഹിതം |
| | | 1213051 | ജില്ലാ പഞ്ചായത്ത് | 1213051 | ജില്ലാ പഞ്ചായത്ത് |
| | | 1000000 | മറ്റുള്ളവ | 160000 | മറ്റുള്ളവ |
| | | 4997972 | | 3757972 | |
| 2. | 104/19-20ലൈഫ് ഭവന പദ്ധതി (ജനറൽ) | 18777829 | മറ്റുള്ളവ | 11680000 | മറ്റുള്ളവ |
| 3. | 143/19-20ലൈഫ് ഭവന പദ്ധതി (എസ്.സി) | 196882 | എസ്.സി.പി | 196882 | എസ്.സി.പി |
| | | 183059 | സംസ്ഥാന ഫണ്ട് | 273118 | ബ്ലോക്ക് വിഹിതം |

| | | | | | |
|---|---|---|---|---|---|
| | | 420059 | ബ്ലോക്ക് വിഹിതം | | |
| | | 800000 | | 470000 | |

2. ലൈഫ് പദ്ധതിയ്ക്കായി 2020-21 ൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

| ക്രമ നം. | പ്രോജക്ട് നം/പേര് | അടങ്കൽ | | ചെലവ് | |
|---|---|---|---|---|---|
| 1. | 14/20-21ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 126050 | വികസന ഫണ്ട് ജനറൽ | 126050 | വികസന ഫണ്ട് ജനറൽ |
| | | 1073950 | സംസ്ഥാന ഫണ്ട് | 100000 | സംസ്ഥാന ഫണ്ട് |
| | | 300000 | ബ്ലോക്ക് വിഹിതം | | |
| | | 500000 | ജില്ലാ പഞ്ചായത്ത് | | |
| | | 2000000 | | 226050 | |
| 2. | 17/20-21ലൈഫ് ഭവന നിർമ്മാണം (പട്ടിക ജാതി) | 1360000 | എസ്.സി.പി | 1360000 | എസ്.സി.പി |
| | | 3640000 | സംസ്ഥാന ഫണ്ട് | 400000 | സംസ്ഥാന ഫണ്ട് |
| | | 500000 | ബ്ലോക്ക് വിഹിതം | 500000 | ബ്ലോക്ക് വിഹിതം |
| | | 500000 | ജില്ലാ പഞ്ചായത്ത് | 500000 | ജില്ലാ പഞ്ചായത്ത് |
| | | 6000000 | | 2760000 | |
| 3. | 21/20-21ലൈഫ് ഭൂമി വാങ്ങൽ | 2000000 | വികസന ഫണ്ട് ജനറൽ | 2000000 | വികസന ഫണ്ട് ജനറൽ |
| | | 800000 | ബ്ലോക്ക് വിഹിതം | 400000 | ജില്ലാ പഞ്ചായത്ത് |
| | | 800000 | ജില്ലാ പഞ്ചായത്ത് | | |
| | | 3600000 | | 2400000 | |
| 4 | 136/20-21ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 400000 | ബ്ലോക്ക് വിഹിതം | 827525 | മറ്റുള്ളവ |
| | | 840000 | മറ്റുള്ളവ | | |
| | | 1240000 | | | |
| 5 | 140/20-21ലൈഫ് ഭവന പദ്ധതി എസ്.സി.പി | 375750 | എസ്.സി.പി | 200000 | എസ്.സി.പി |
| | | 183059 | സംസ്ഥാന ഫണ്ട് | | |
| | | 146941 | ബ്ലോക്ക് വിഹിതം | | |
| | | 705750 | | | |

3.ലൈഫ് ഫണ്ട് വിവരങ്ങൾ

2019-20, 2020-21 ൽ ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം

| വർഷം | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ ലോൺ | സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| 2018-19 | 2466682 | 388239 | 1213051 | 1940000 | 9800000 |
| 2019-20 | 146050 | 0 | 0 | 160000 | 667525 |

4. 2019-20, 2020-21ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ - 120

ജനറൽ, എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം- 119

ഭാഗികമായി മാത്രം പൂർത്തിയാക്കിയവരെ സംബന്ധിച്ച വിവരം

| ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള തുക | സ്വീകരിച്ചിട്ടുള്ള നടപടി |
|---|---|---|
| ശാന്തമ്മ, കായലിൽ ചിറ, മാഹാദേവികാട്, വാർഡ്.13 | 300000 | ഈ ഗുണഭോക്താവിന് CRZഅനുമതി ലഭിയ്ക്കാൻ വൈകിയതിനാൽ 28.01.2021 നാണ് ഭവന നിർമ്മാണത്തിനുള്ള കരാർ വച്ച് ആദ്യ ഗഡു കൈപ്പറ്റിയത്. നിലവിൽ വീടിന്റെ മേൽക്കൂരയുടെ പണി നടക്കുന്നു. |

*ഓഡിറ്റ് അന്വേഷണം നം .13/.20-21 ന് വി.ഇ.ഒ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഹരിപ്പാട് | 2020-21 | 500000 | ലൈഫ് ഭവന | 500000 | - |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | | | പദ്ധതി(എസ്.സി.പി)(നം.17/21) | | |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 44400 | ശാരീരിക മാനസിക വെല്ലുവിളി നേടുന്നവർക്ക് സ്കോളർഷിപ്പ് (നം.11/21) | 44400 | - |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 240000 | പാലിയേറ്റീവ് കെയർ | 240000 | - |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2020-21 | 500000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി)(നം.17/21) | 500000 | - |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2020-21 | 400000 | ലൈഫ് ഭൂമി വാങ്ങൽ(എസ്.സി.പി)(നം.17/21) | 400000 | - |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2020-21 | 720000 | ശാരീരിക മാനസിക വെല്ലുവിളി നേടുന്നവർക്ക് സ്കോളർഷിപ്പ് (നം.11/21) | 720000 | |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി പോഷകാഹാരം (നം.10/21) | 100000 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | ചെക്ക്നം.2856811/ 03.07.2020 | 261000/- | 261000 | 0 |
| കേരള വാട്ടർ അതോറിറ്റി | പുളിക്കീഴ് പാലം മുതൽ പടിഞ്ഞാറ് മുതൽ എസ്.എൻ നഗർ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.13/ 03/07.2020 | 875000/- | | 875000/- |
| കേരള വാട്ടർ അതോറിറ്റി | അങ്കണ വാടികൾക്ക് കുടിവെള്ള കണക്ഷൻ | ബിൽ നം.04/07.05.2020 | 19000/- | | 19000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് ഹഡ്കോ ലോണിനത്തിൽ 160000/- രൂപ തൻവർഷം വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും

വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | | | 9736330 | ---- | --- | 185738 | -------- |
| കെ.യു.ആർ.എഫ്.ഡി.സി | | 160000 | 24416097 | 22564918 | 1799489 | | 20925429 |

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52989272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52846412 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1915000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 160000 | ഉല്ലാസ് കുമാർ, സെക്രട്ടറി |
| 1-23 | 100000 | ഡോ.ഗാന്ധിമതി,എം.ഒ, ഹോമിയോ |
| 1-24 | 200000 | പി.അജിത്ത്, വി.ഇ.ഒ |
| 1-27 | 300000 | നസീന.എ, എച്ച്.എം |

| | | |
|---|---|---|
| 1-28 | 1155000 | ഉല്ലാസ് കുമാർ, സെക്രട്ടറി |
| ആകെ | 1915000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-29(ജി.എസ്.റ്റി) | 44226 |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉല്ലാസ് കുമാർ, സെക്രട്ടറി | സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | മണി ഭവനം,താമല്ലാക്കൽ പി.ഒ,ഹരിപ്പാട് |
| ഡോ.ഗാന്ധിമതി,എം.ഒ, ഹോമിയോ | എം.ഒ, ഹോമിയോ,കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | TC 21/1959(3) തളിയൽ, കരമന പി.ഒ |
| പി.അജിത്ത്, വി.ഇ.ഒ | വി.ഇ.ഒ,കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | ശ്രീഭവനം,കരുവാറ്റ,തോട്ടപ്പള്ളി |
| നസീന.എ, എച്ച്.എം | വിരമിച്ചു | വലിയംപറമ്പിൽ,ആറാട്ടുപുഴ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13.07.2012 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)/11/18.04.2012 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18.04.2012 |
| 2009-10 | എൽ.എഫ്.എ.പി.3/1210/11/18.04.2012 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.3/9/13/15.02.2013 |
| 2012-13 | എൽ.എഫ്.എ.പി.3/1001/14/08.12.2014 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3/1035/15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.3/1417/15/23.11.15 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.3/1251/16/08.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.3/1036/17/04.08.17 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.3/94/2019/10.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി.3/407/2020/28.05.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.3/ |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്